<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5119</u> <u>04-07-2024 - ൽ മറുപടിയ്ക്ക്</u>

<u>പ്രൈമറി അധ്യാപകരുടെ യോഗ്യത</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്കൂളുകളിൽ പ്രൈമറി അധ്യാപക യോഗ്യതയിൽ പി.എസ്.സി. വിജ്ഞാന പ്രകാരം എസ്.എസ്.എൽ.സി. വരെ മലയാളം പഠിച്ചിരിക്കണമെന്ന നിബന്ധനക്ക് മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ? | (എ) | മാറ്റം വരുത്തിയിട്ടില്ല. സ.ഉ(കൈ) 19/2023/ പൊ.വി.വ തീയതി 24/02/2023 പ്രകാരം പ്രൈമറി തലത്തിൽ അടിസ്ഥാനപരമായ കാര്യങ്ങൾ പഠിപ്പിക്കുന്നതിനും ആശയവിനിമയത്തിനും പ്രാദേശിക ഭാഷയായ മലയാളം എസ്.എസ്.എൽ.സിക്ക് പാർട്ട് I അല്ലെങ്കിൽ പാർട്ട് II ആയോ അല്ലെങ്കിൽ പഠനമാദ്ധ്യമമായോ പഠിച്ചിട്ടുള്ളവരെ എൽ.പി, യു.പി അദ്ധ്യാപകരായി നിയമിക്കുന്നതിന് ഉത്തരവായി. കൂടാതെ 28/6/2023 തീയതിയിലെ G.O.(MS) 87/2023/GEDN സർക്കാർ ഉത്തരവ് പ്രകാരം, 22/05/2018 തീയതിയിലെ സ.ഉ.(കൈ) 67/2018/പൊ.വി.വ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപനജോലി പ്രതീക്ഷിച്ച് ട്രെയിനിംഗ് യോഗ്യത കരസ്ഥമാക്കിയവർക്കും ബന്ധപ്പെട്ട കോഴ്സുകൾക്ക് പ്രവേശനം നേടിയവർക്കും, സ.ഉ.(കൈ)നം. 19/2023/പൊ.വി.വ തീയതി 24/02/2023 ഉത്തരവിലെ വ്യവസ്ഥകൾക്ക് ഇളവ് നൽകിക്കൊണ്ട് അപ്രകാരം നിയമിതരാകുന്നവർക്ക് മലയാള പ്രാവീണ്യം ഉറപ്പാക്കുന്നതിനായുള്ള യോഗ്യതാ പരീക്ഷ എഴുതുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചു. 24/02/2023 തീയതിക്കുശേഷം ബന്ധപ്പെട്ട കോഴ്സുകൾക്ക് പ്രവേശനം നേടിയവർക്ക് മേൽ ആനുകൂല്യം അനുവദിക്കുന്നതല്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ